"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുഭരണ വകുപ്പ്- സംസ്ഥാന വിവരാവകാശ കമ്മീഷൻ ഹെഡ്ക്വാർട്ടേഴ്സിന് പുറത്തുള്ള ജില്ലകളിൽ നടത്തുന്ന ഹിയറിംഗ് - ഓഫീസ് അറ്റൻഡന്റുമാർക്ക് യാത്ര, താമസ, ഭക്ഷണ ചെലവുകൾക്കായി തുക അനുവദിക്കുന്നു- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (ഏകോപനം) വകുപ്പ്**

സ.ഉ.(സാധാ) നം.4322/2026/GAD    തീയതി,തിരുവനന്തപുരം, 22-08-2026

---

പരാമർശം:-

1. സംസ്ഥാന വിവരാവകാശ കമ്മീഷൻ സെക്രട്ടറിയുടെ 24.07.2024 തിയതിയിലെ 721 8/G8-Admn/2024/SIC നമ്പർ നടപടിക്രമം.
2. സംസ്ഥാന വിവരാവകാശ കമ്മീഷൻ സെക്രട്ടറിയുടെ 31/07/2024, 25/10/2024 എന്നീ തിയതികളിലെ 7218/G8-Admn/2024/SIC നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

സംസ്ഥാന വിവരാവകാശ കമ്മീഷണർമാർ ഹെഡ്ക്വാർട്ടേഴ്സിന് പുറത്ത് ഒരു വർഷം ഏകദേശം 240 ഹിയറിംഗുകൾ നടത്താറുണ്ടെന്നും, ഇപ്രകാരം ഹെഡ്ക്വാർട്ടേഴ്സിന് പുറത്തു നടത്തുന്ന ഹിയറിംഗുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട സജ്ജീകരണങ്ങൾക്കാവശ്യമായ ചെലവുകൾക്ക് ഒരു ഹിയറിംഗിന് 1,000/- രൂപ നിരക്കിൽ ഒരു വർഷം പ്രതീക്ഷിത ചെലവ് 2,40,000/- രൂപയാകുന്നതാണെന്നും, ഹിയറിംഗ് സംബന്ധമായ ഫയലുകളുമായി എല്ലാ ജില്ലകളിലും കമ്മീഷണർമാരെ സഹായിക്കാനായി അനുഗമിക്കുന്നത് ദിവസ/കരാർ വേതന വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ഓഫീസ് അറ്റൻഡന്റുമാരാണെന്നും, ഇവർ കമ്മീഷണർമാരുടെ കൂടെ പോകുന്ന ദിവസം മുതൽ ഹിയറിംഗ് തീരുന്ന ദിവസം വരെ അവരുടെ സേവനം വളരെ അത്യന്താപേക്ഷിതമായതിനാലും ദിവസ/കരാർ വേതന ഓഫീസ് അറ്റൻഡന്റുമാർക്ക് TA/DA-യ്ക്ക് അർഹത ഇല്ലാത്തതിനാലും ഹിയറിംഗുമായി ബന്ധപ്പെട്ട യാത്ര, താമസ, ഭക്ഷണ ചെലവുകൾ ടി ജീവനക്കാർ അവരുടെ വേതനാംശത്തിൽ നിന്നാണ് എല്ലായ്പ്പോഴും ചെലവാക്കുന്നത് എന്നും, കമ്മീഷണർമാരുടെ യാത്രാബത്തയുമായോ ചെലവുമായോ ഇതിന് ബന്ധമില്ലായെന്നും, അതിനാൽ ഓഫീസ് അറ്റൻഡന്റുമാർക്ക് ഹിയറിംഗുമായി ബന്ധപ്പെട്ട ചെലവ് നിർവ്വഹിക്കുന്നതിനായി ഓരോ ഹിയറിംഗിനും 1,000/- രൂപ വീതം അനുവദിച്ച് ഉത്തരവായ പരാമർശം (1) നടപടിക്രമം സാധൂകരിക്കുന്നതിനും, ആയതിന് ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്നും സംസ്ഥാന വിവരാവകാശ കമ്മീഷൻ സെക്രട്ടറി അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിവരാവകാശ കമ്മീഷണർമാർ തിരുവനന്തപുരത്തിന് പുറത്ത് സിറ്റിംഗ് നടത്തുമ്പോൾ ഓരോ കമ്മീഷണറോട്ടും ഒപ്പം ഒരു ഓഫീസ് അറ്റൻഡന്റ് അനുഗമിക്കുന്നതിന് അനുമതി നല്കിക്കൊണ്ടും, ഇപ്രകാരം അനുഗമിക്കുന്ന ഓഫീസ് അറ്റൻഡന്റ് കരാർ/ദിവസ വേതന അടിസ്ഥാനത്തിൽ നിയമിതനായ വ്യക്തി ആണെങ്കിൽ ഒരു സിറ്റിങ്ങിന് ആയിരം രൂപയോ അല്ലെങ്കിൽ Grade IV ജീവനക്കാരന് ആനുപാതികമായ യാത്രാബത്ത തുകയോ ഏതാണോ കുറവ് ആയത് ഹിയറിംഗുമായി ബന്ധപ്പെട്ട യാത്ര, താമസ, ഭക്ഷണ ചെലവുകൾക്കായി അനുവദിക്കുന്നതിന് അനുമതി നൽകിക്കൊണ്ടും ഉത്തരവാകുന്നു.

3) സംസ്ഥാന വിവരാവകാശ കമ്മീഷൻ സെക്രട്ടറിയുടെ പരാമർശം (1) നടപടിക്രമം ഇതിനാൽ റദ്ദ് ചെയ്യപ്പെടുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ANIL JOHNEY
അഡിഷണൽ സെക്രട്ടറി

സെക്രട്ടറി, സംസ്ഥാന വിവരാവകാശ കമ്മീഷൻ, പുന്നൻ റോഡ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് ( 28/03/2025-ലെ Exp-A2/514/2024/FIN ധന നമ്പർ പ്രകാരം)
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (CDN5/126/2024-GAD).

ഉത്തരവിൻ പ്രകാരം

Digitally signed by
Sabu T K
Date: 24-08-2026
10:57:41

സെക്ഷൻ ഓഫീസർ